# മഹാത്മാ ഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

**പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം–686 560**

**ഫോൺ: 0481 – 2733298, മൊബൈൽ : 9495119702**



**പി.ആർ.ഒ./39/251/2018** **2018 നവംബർ 24**


## എം.ജി. വാർത്താക്കുറിപ്പ്

---

### പരീക്ഷ തീയതി

ഏഴാം സെമസ്റ്റർ ഡി .ഡി.എം.സി.എ. ( 2015 അഡ്മിഷൻ റഗുലർ /2014 അഡ്മിഷൻ സപ്ലിമെന്ററി ) പരീക്ഷകൾ ഡിസംബർ 10ന് ആരംഭിക്കും . അപേക്ഷ പിഴയില്ലാതെ നവംബർ 29 വരെയും 500 രൂപ പിഴയോടെ 30 വരെയും 1000 രൂപ സൂപ്പർഫൈനോടെ ഡിസംബർ ഒന്നു വരെയും സ്വീകരിക്കും.

അഞ്ചാം സെമസ്റ്റർ ഡി .ഡി.എം.സി.എ. ( 2016 അഡ്മിഷൻ റഗുലർ /2014, 2015 അഡ്മിഷൻ സപ്ലിമെന്ററി) പരീക്ഷകൾ ഡിസംബർ 11ന് ആരംഭിക്കും. അപേക്ഷ പിഴയില്ലാതെ നവംബർ 29 വരെയും 500 രൂപ പിഴയോടെ 30 വരെയും 1000 രൂപ സൂപ്പർഫൈനോടെ ഡിസംബർ ഒന്നു വരെയും സ്വീകരിക്കും.

### അപേക്ഷ തീയതി

രണ്ടാം സെമസ്റ്റർ സി.ബി.സി.എസ്.എസ്. യു.ജി. (2013ന് മുമ്പുള്ള അഡ്മിഷൻ സപ്ലിമെന്ററി/മേഴ്സി ചാൻസ്) പരീക്ഷകൾക്ക് പിഴയില്ലാതെ ഡിസംബർ ആറുവരെയും 500 രൂപ പിഴയോടെ ഏഴ വരെയും 1000 രൂപ സൂപ്പർഫൈനോടെ 11 വരെയും അപേക്ഷിക്കാം. വിദ്യാർഥികൾ അപേക്ഷ ഫോമിന്റെ വിലയായി 25 രൂപയും പേപ്പറൊന്നിന് 30 രൂപ വീതവും (പരമാവധി 200 രൂപ) സി.വി. ക്യാമ്പ് ഫീസായി പരീക്ഷാ ഫീസിന് പുറമെ അടയ്ക്കണം . 2009 അഡ്മിഷൻ വിദ്യാർഥികൾ 10000 രൂപയും 2010 അഡ്മിഷൻ വിദ്യാർഥികൾ 7000 രൂപയും 2011 അഡ്മിഷൻ വിദ്യാർഥികൾ 5000 രൂപയും സ്പെഷൽ ഫീസായി പരീക്ഷാഫീസിനും സി.വി. ക്യാമ്പ് ഫീസിനും പുറമെ അടയ്ക്കണം. ഈ വർഷത്തെ സി.ബി.സി.എസ്.എസ്. (മേഴ്സി ചാൻസ് - മൂന്ന്, നാല്, അഞ്ച്, ആറ് സെമസ്റ്ററുകൾ ) പരീക്ഷകൾക്ക് സ് പെഷൽ ഫീസടച്ചവർ വീണ്ടും ഫീസടയ് ക്കേണ്ടതില്ല. പകരം സ് പെഷൽ ഫീസടച്ചതിന്റെ ഇ -രസീതിന്റെ കോപ്പി അപേക്ഷയോടൊപ്പം സമർപ്പിക്കണം. പരീക്ഷ തീയതി പിന്നീട് അറിയിക്കും . വിശദവിവരങ്ങൾ സർവകലാശാല വെബ്സൈറ്റിൽ ലഭിക്കും.

ഒന്നാം സെമസ്റ്റർ എം .ബി.എ. ( 2018 അഡ്മിഷൻ റഗുലർ , 2017 അഡ്മിഷൻ റീഅപ്പിയറൻസ് - സി.എസ്.എസ്.) പരീക്ഷയ്ക്ക് പിഴയില്ലാതെ നവംബർ 26 മുതൽ ഡിസംബർ അഞ്ചുവരെയും 500 രൂപ പിഴയോടെ ആറു മുതൽ പത്തു വരെയും 1000 രൂപ സൂപ്പർഫൈനോടെ 11 മുതൽ 12 വരെയും അപേക്ഷിക്കാം. റഗുലർ വിദ്യാർഥികൾ 2300 രൂപയും (ഓരോ തിയറി പേപ്പറിനും 250 രൂപ വീതം - എട്ട് എണ്ണം, വൈവ 200 രൂപ, മാർക്ക് ലിസ്റ്റ് ഫീസ് 100 രൂപ) സപ്ലിമെന്ററി വിദ്യാർഥികൾ ഓരോ തിയറി പേപ്പറിനും 250 രൂപയും മാർക്ക് ലിസ്റ്റ് ഫീസായി 100 രൂപയും അടയ്ക്കണം. വിദ്യാർഥികൾ ഓൺലൈനായി ഫീസടച്ചശേഷം അപേക്ഷ സ് കൂൾ ഓഫ് മാനേജ് മെന്റ് ആന്റ് ബിസിനസ് സ്റ്റഡീസിൽ നേരിട്ട് സമർപ്പിക്കണം . ക്വാളിഫയിങ് സർട്ടിഫിക്കറ്റ് ഡിസംബർ മൂന്നിനകം സമർപ്പിക്കണം . വിശദവിവരങ്ങൾ സർവകലാശാല വെബ്സൈറ്റിൽ ലഭിക്കും.

### പരീക്ഷഫലം

2018 ഓഗസ്റ്റിൽ സ് കൂൾ ഓഫ് ലെറ്റേഴ് സിൽ നടത്തിയ രണ്ടാം സെമസ്റ്റർ എം .എ. ( മലയാളം, ഇംഗ്ലീഷ്) ലാംഗ്വേജ് ആന്റ് ലിറ്ററേച്ചർ - സി.എസ്.എസ്. പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു.

2018 ഓഗസ്റ്റിൽ നടത്തിയ മൂന്നാം സെമസ്റ്റർ എം.എ. ചെണ്ട സ്പെഷൽ സപ്ലിമെന്ററി പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു . പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഡിസംബർ എട്ടു വരെ അപേക്ഷിക്കാം.

## എം.ജി.യിൽ നവംബർ 26ന്

## ഭരണഘടന ദിനാഘോഷം

മഹാത്മാ ഗാന്ധി സർവകലാശാലയിൽ നവംബർ 26ന് ഭരണഘടന ദിനം ആഘോഷിക്കും . രാവിലെ 11ന് സർവകലാശാല അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്കിലെ ചത്വരത്തിൽ നടക്കുന്ന ദിനാഘോഷത്തിൽ ജീവനക്കാർ ഭരണഘടനയുടെ ആമുഖം വായിക്കും . സർവകലാശാലയ്ക്ക് കീഴിലുള്ള കോളേജുകളിലും സ്ഥാപനങ്ങളിലും ഭരണഘടനയുടെ ആമുഖം വായിക്കാനും പ്രഭാഷണം , സംവാദം, പ്രബന്ധരചന, ക്വിസ് മത്സരങ്ങൾ സംഘടിപ്പിക്കാനും നിർദ്ദേശിച്ചിട്ടുണ്ട്.

**എ. അരുൺ കുമാർ**

പബ്ലിക് റിലേഷൻസ് ഓഫീസർ

# മഹാത്മാ ഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

**പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം–686 560**

**ഫോൺ: 0481 – 2733298, മൊബൈൽ : 9495119702**


പി.ആർ.ഒ./39/252/2018 2018 നവംബർ 24

## എം.ജി. വാർത്താക്കുറിപ്പ് - 2

---

### പരീക്ഷാ പരിഷ്‌ക്കാരങ്ങളും ഓൺലൈൻ സേവനങ്ങളും

### അക്കാദമിക നേട്ടവും എം.ജി.യെ മികച്ച സർവകലാശാലയാക്കി

പരീക്ഷാ നടത്തിപ്പിലെ പരിഷ് ക്കാരങ്ങളും വിദ്യാർഥികൾക്കുള്ള ഓൺലൈൻ സേവനങ്ങളും അക്കാദമിക മികവും മികച്ച സർവകലാശാലയ്ക്കുള്ള ചാൻസിലേഴ് സ് പുരസ് കാരം നേ ടാൻ എം .ജി.യ്ക്ക് കരുത്തേകി. 2017 ജൂലൈ ഒന്ന് മുതൽ 2018 ജൂൺ 30 വരെയുള്ള സർവകലാശാലയുടെ നേട്ടങ്ങളാണ് ഉന്നത വിദ്യാഭ്യാസ കൗൺസിൽ സെലക്ഷൻ കമ്മിറ്റി പരിഗണിച്ചത്.

വൈസ് ചാൻസലറുടെയും സിൻഡിക്കേറ്റിന്റെയും നേതൃത്വത്തിൽ പരീക്ഷകളിൽ നടത്തിയ ഓൺലൈൻ ചോദ്യപേപ്പർ അടക്കമുള്ള പരി ഷ്‌ക്കാരങ്ങളും മൈഗ്രേഷൻ , ഇക്വലൻസി, കോഴ്സ് സർട്ടിഫിക്കറ്റ്, കോളേജ് ട്രാൻസ്ഫർ, റീ അഡ്മിഷൻ, മീഡിയം ഓഫ് ഇൻസ്ട്രക്ഷൻ , കണ്ടൊണേഷൻ എന്നീ ഓൺലൈൻ സേവനങ്ങൾ ഏർപ്പെടുത്തിയതും സർവകലാശാലയ്ക്ക് നേട്ടമായി . ഫീസുകൾ അനായാസേന ഓൺലൈനായി ലോകത്തെവിടെനിന്നും അടയ്ക്കാനുള്ള സൗകര്യം വിദ്യാ ർഥികൾക്ക് ഏർപ്പെടുത്തി. ഏറ്റവും കൂടുതൽ ഓൺലൈൻ സേവനങ്ങൾ , സ്റ്റുഡന്റ് സ്റ്റാർട്ടപ്പുകൾ, പേറ്റന്റുകൾ, പബ്ലിക്കേഷനുകൾ എന്നിവയാൽ ഒപ്പം മത്സരിച്ച കുസാറ്റ് അടക്കമുള്ള മറ്റു സർവകലാശാലകളെ മറികടക്കാൻ എം.ജി.ക്കായി.

സാമൂഹിക പ്രതിബദ്ധതയോടെ നടപ്പാക്കിയ ജൈവം പദ്ധതി , സർവകലാശാലയിൽ പഠനത്തിനെത്തിയ വിദേശ വിദ്യാർഥികളുടെ എണ്ണം , അടിസ്ഥാന സൗകര്യ വികസനം എന്നിവയും ഭരണരംഗത്ത് ഡി .ഡി.എഫ്.എസ്. പോലുള്ള ഓൺലൈൻ സംവിധാനങ്ങളും മികച്ച സർവകലാശാലയാകാൻ എം.ജി.യെ പ്രാപ്തമാക്കി. ബിരുദത്തിനും ബിരുദാനന്തര ബിരുദ പരീക്ഷകൾക്കും ഓൺലൈൻ ചോദ്യപേപ്പറുകൾ വിജയകരമായി നടപ്പാക്കിയിരുന്നു . 101 സ്റ്റുഡന്റ് സ്റ്റാർട്ടപ്പുകളാണ് സർവകലാശാല കുറഞ്ഞ കാലയളവിനുള്ളി ൽ ആരംഭിച്ചത് . മികച്ച ഗവേഷണ പ്രവർത്തനങ്ങളാണ് സർവകലാശാലയിൽ നടക്കുന്നതെന്നാണ് സെലക്ഷൻ കമ്മിറ്റി വിലയിരുത്തിയത്.

ഇത് രണ്ടാം തവണയാണ് എം .ജി. ചാൻസിലേഴ്സ് അവാർഡിന് അർഹരാകുന്നത് . 2015 - 16ലും പുരസ്കാരം നേടിയിരുന്നു . രാജ്യത്തെ മികച്ച സർവകലാശാലകളിൽ 11-ാമതായി ഇന്ത്യാ ടുഡേ എം.ജി.യെ തെരഞ്ഞെടുത്തിരുന്നു . എൻ.എച്ച്.ആർ.ഡി. റാങ്കിംഗിൽ 34-ാം സ്ഥാനം നേടിയ എം .ജി. നാക് പോയിന്റിൽ സംസ്ഥാനത്ത് ഏറ്റവും മുന്നിട്ടുനിൽക്കുന്ന സർവകലാശാലയാണ്.

**എ. അരുൺ കുമാർ**

പബ്ലിക് റിലേഷൻസ് ഓഫീസർ